# നിർമാതാവ് പി കെ ആർ പിള്ള അന്തരിച്ചു

**പട്ടിക്കാട് (തൃശൂർ)**

ചിത്രം, വന്ദനം ഉൾപ്പടെ സൂപ്പർ ഹിറ്റ് സിനിമകളുടെ നിർമാതാവ് കെ ആർ പിള്ള (പരിശപ്പറമ്പിൽ കുഞ്ഞൻപിള്ള രാമചന്ദ്രൻ പിള്ള– 92) അന്തരിച്ചു. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലായിരുന്നു. തൃശൂർ പട്ടിക്കാട് കണ്ണാറ മണ്ടൻച്ചിറയിലുള്ള വീട്ടിൽ ചൊവ്വാഴ്ച രാവിലെയാണ് അന്ത്യം. സംസ്കാരം ബുധൻ പകൽ 12ന്. മേക്കപ്പ് ആർട്ടിസ്റ്റ് രമയാണ് ഭാര്യ. മക്കൾ: രാജേഷ് (ഗൾഫ്), പ്രീതി, സോനു, പരേതനായ സിദ്ധു. മരുമക്കൾ: അജിത്ത്, രാജു, അഞ്ജു.

കൂത്താട്ടുകുളം സ്വദേശിയായ പി കെ ആർ പിള്ള മുംബൈയിൽ വെച്ചാണ് ബിസിനസ് മേഖലയിലേക്ക് കടന്നത്. തുടർന്ന് 1980കളിൽ ഷിർദ്ദിസായി പ്രൊഡക്ഷൻസ് എന്ന നിർമാണ കമ്പനി ആരംഭിച്ചു. 1984ൽ 'വെപ്രാളം' എന്ന സിനിമയാണ് ആദ്യം നിർമിച്ചത്. സൂപ്പർഹിറ്റ് സിനിമയായ ചിത്രം, അമൃതംഗമയ, കിഴക്കുണരും പക്ഷി, വന്ദനം, അഹം, ഊമ പെണ്ണിന് ഉരിയാടാ പയ്യൻ, അർഹത എന്നിവയാണ് പി കെ ആർ പിള്ള നിർമിച്ച പ്രധാന ചിത്രങ്ങൾ. നിരവധി ചിത്രങ്ങൾ വിതരണവും ചെയ്തു. 2006ലെ 'അച്ഛൻ ഉറങ്ങാത്ത വീട്' എന്ന സിനിമയാണ് അവസാനം വിതരണം ചെയ്തത്. മോഹൻലാലിന്റെ കരിയറിലെ തന്നെ ഹിറ്റ് ചിത്രമായ പ്രിയദർശൻ സിനിമ 'ചിത്രം' പി കെ ആർ പിള്ളയുടെ സിനിമാ ജീവിതത്തിലെയും മലയാള സിനിമാ മേഖലയുടെ വളർച്ചയുടേയും നാഴികക്കല്ലായി. 26 ചിത്രങ്ങളാണ് അദ്ദേഹം മലയാളികൾക്ക് സമ്മാനിച്ചത്. 16 ചിത്രങ്ങൾ നിർമിച്ചു.10 ചിത്രങ്ങൾ വിതരണവും ചെയ്തു.

# പി കെ ആർ പിള്ള: സിനിമാക്കഥപോലൊരു ജീവിതം

**കൊച്ചി**

സിനിമാസമാനമായ ജീവിതമുഹൂർത്തങ്ങളുടെ പ്ലോട്ടുകൂടിയായിരുന്നു നിർമാതാവും വ്യവസായിയുമായിരുന്ന പി കെ ആർ പിള്ളയ്ക്ക് ജന്മദേശമായ കൂത്താട്ടുകുളം. കുട്ടിക്കാലത്ത് ബോംബെയ്ക്ക് വണ്ടികയറിയ അദ്ദേഹം വർഷങ്ങൾക്കുശേഷം പണവും പത്രാസുമായാണ് കൂത്താട്ടുകുളത്ത് തിരിച്ചെത്തിയത്.

പി കെ ആർ പിള്ളയും ഭാര്യയും

വമ്പൻ വീടും ഷിർദിസായി ക്ഷേത്രവും കല്യാണമണ്ഡപവും നിർമിച്ച് പിള്ള നാട്ടുകാരെ അതിശയിപ്പിച്ചു. താരസിനിമകളുടെ നിർമാതാവെന്ന നിലയിൽ ലഭിച്ച വീരപരിവേഷം അറിഞ്ഞാസ്വദിക്കാൻ ഇടയ്ക്കിടെ നാട്ടിലെത്തി. വർഷങ്ങൾമുമ്പേ നാടുപേക്ഷിച്ച് പോയിട്ടും സിനിമാലോകത്ത് കൂത്താട്ടുകുളത്തിന്റെ നിത്യതാരമായി.

സാമ്പത്തികഭദ്രതയുള്ള കുടുംബത്തിലാണ് പി കെ ആർ പിള്ള എന്ന പി കെ രാമചന്ദ്രൻപിള്ളയുടെ ജനനം. അച്ഛൻ പരിശപ്പറമ്പിൽ കുഞ്ഞൻപിള്ള. അമ്മ ജാനകിയമ്മ. സഹോദരങ്ങൾ കൃഷ്ണപിള്ളയും ശാരദയും. കർക്കശക്കാരനായ അച്ഛനിൽനിന്ന് രക്ഷപ്പെടാനാണ് 12–ാംവയസ്സിൽ നാടുവിട്ടത്. ബോംബെയിലെത്തിയശേഷമുള്ള കഥകൾ പൂർണരൂപത്തിൽ പിള്ള എവിടെയും വെളിപ്പെടുത്തിയില്ല. പറഞ്ഞും കേട്ടും ചിലതൊക്കെ ബന്ധുക്കൾക്കറിയാം. ആരുടെയോ സഹായത്താൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയെന്നും ചെറുകച്ചവടങ്ങളിൽ ഏർപ്പെട്ടുവെന്നുമൊക്കെ.

ചായ അരിപ്പയും മറ്റും നിർമിക്കുന്ന വ്യവസായമായിരുന്നു ആദ്യം.

വിദേശത്തുനിന്ന് തകരഷീറ്റ് ഇറക്കുമതി ചെയ്ത് പാക്കിങ് കണ്ടെയ്നർ നിർമിക്കുന്ന വ്യവസായമുണ്ടായിരുന്നതായി സഹോദരന്റെ മകൻ ഗിരീഷ് ഓർക്കുന്നു. കുതിരപ്പന്തയത്തിലും കമ്പമുണ്ടായിരുന്നു. ബോംബെ നഗരസഭയിലേക്ക് കോൺഗ്രസ് സ്ഥാനാർഥിയായി മത്സരിച്ചിരുന്നു.

എഴുപതുകളിൽ കൂത്താട്ടുകുളത്ത് തിരിച്ചെത്തി. പണവും പത്രാസുമായി സിനിമാനിർമാണത്തിലേക്ക് കടന്നതോടെ നാട്ടിൽ താരമായി. കൂത്താട്ടുകുളം ടൗണിൽ സ്ഥലംവാങ്ങി വീടുകെട്ടി. അമ്മ ജാനകിയമ്മയുടെ ഓർമയ്ക്ക് വലിയൊരു കല്യാണമണ്ഡപവും പണിതു. ഷിർദിസായി ഭക്തനായതിനാൽ ഓഡിറ്റോറിയത്തിനടുത്ത് സായി ക്ഷേത്രവും നിർമിച്ചു. 'ചിത്രം' സിനിമ വിജയിച്ച പശ്ചാത്തലത്തിൽ മോഹൻലാൽ ഉൾപ്പെടെയുള്ള താരങ്ങളുടെ സാന്നിധ്യത്തിലായിരുന്നു ഓഡിറ്റോറിയം ഉദ്ഘാടനം. ബോംബെ വാസക്കാലത്താണ് ആദ്യവിവാഹം. വധു സരോജം എന്ന തമിഴ്നാട്ടുകാരി. അവർ മരിച്ചപ്പോൾ കൂത്താട്ടുകുളത്തുകാരി രമയെ ജീവിതസഖിയാക്കി.

ബിസിനസിലുണ്ടായ തകർച്ചയോടെ പിള്ള സിനിമയിൽനിന്ന് പിൻവാങ്ങി. 'പ്രണയമണിത്തൂവലാ'ണ് അവസാനം നിർമിച്ചത്; 2002ൽ. വിതരണരംഗത്ത് നാലുവർഷംകൂടി തുടർന്നു. കൂത്താട്ടുകുളത്തും കൊച്ചിയിലുമുണ്ടായിരുന്ന വീടും കെട്ടിടങ്ങളും സ്ഥലവും വിറ്റു. തൃശൂരിൽ വീട് വാങ്ങി ഭാര്യക്കും മകൾക്കുമൊപ്പം താമസമാക്കുമ്പോൾ പിള്ളയുടെ പ്രതാപം ഏറെക്കുറെ അസ്തമിച്ചിരുന്നു. മക്കളിലൊരാൾ വാഹനാപകടത്തിൽ മരിച്ചു. മറവിയും മറ്റ് രോഗങ്ങളുമായി മരുന്നിന്റെയും ചികിത്സയുടെയും ലോകത്തിലൊതുങ്ങി പിള്ളയുടെ ശിഷ്ടജീവിതം.

## ഹരിതം ലിറ്ററി ഫെസ്റ്റ് നാളെ തുടങ്ങും

**തിരുവനന്തപുരം**

എം മുകുന്ദന്റെ സാഹിത്യ സംഭാവനകളെ അധികരിച്ച് 'ഹരിതം ലിറ്ററി ഫെസ്റ്റ്10' സംഘടിപ്പിക്കും. 'ഹരിതം മുകുന്ദം' എന്നപേരിൽ 18, 19 തീയതികളിൽ ഭാരത്ഭവനിലാണ് ഫെസ്റ്റ്. എം മുകുന്ദന്റെ സാഹിത്യത്തെക്കുറിച്ചുള്ള ചർച്ചകൾ, സെമിനാറുകൾ, എം മുകുന്ദന്റെ നിങ്ങൾ എന്ന നോവലിനെക്കുറിച്ചുള്ള സുനിൽ സി ഇയുടെ പഠനം, പ്രകാശനം, സമൂഹത്തിന്റെ വിവിധ ശ്രേണികളിലുള്ളവരുമായി എം മുകുന്ദൻ നടത്തുന്ന മുഖാമുഖം എന്നിങ്ങനെയാകും പരിപാടികൾ.

ഹരിതം മുകുന്ദം വ്യാഴം രാവിലെ 10 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

■ കാടാമ്പുഴ ദേവസ്വം ഡയാലിസിസ് സെന്റർ തുറന്നു

# കോഴിക്കോട്ട് അവയവമാറ്റ ഇൻസ്റ്റിറ്റ്യൂട്ട്: മുഖ്യമന്ത്രി

**സ്വന്തം ലേഖകൻ**

**കാടാമ്പുഴ**

അവയവമാറ്റത്തിനുള്ള ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട്ട് സ്ഥാപിക്കുമെന്നും അതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. അവയവമാറ്റ ശസ്ത്രക്രിയകൾ വർധിക്കുകയാണ്. വലിയ തുകയാണ് അവയ്ക്ക് ഈടാക്കുന്നത്. ചികിത്സാച്ചെലവിന്റെ കാര്യത്തിൽ സുതാര്യതയില്ല. ഈ സാഹചര്യത്തിലാണ് അവയവ മാറ്റത്തിന് ഇൻസ്റ്റിറ്റ്യൂട്ട് എന്നത് സർക്കാർ ആലോചിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

കാടാമ്പുഴ ദേവസ്വത്തിന്റെ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആൻഡ് ഡയാലിസിസ് സെന്റർ ഉദ്ഘാടനംചെയ്തശേഷം മുഖ്യമന്ത്രി പിണറായി വിജയൻ ആശുപത്രിയിലെ സൗകര്യങ്ങൾ കാണുന്നു

കാടാമ്പുഴ ദേവസ്വം ആരംഭിച്ച സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആൻഡ് ഡയാലിസിസ് സെന്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജീവിതശൈലിയുടെ ഭാഗമായാണ് പല രോഗങ്ങളും പിടിപെടുന്നത്. ജീവിതം വിലപ്പെട്ടതാണെന്ന ധാരണ വേണം. സംസ്ഥാനത്ത് നിശ്ചിത പ്രായംകഴിഞ്ഞവരെ പരിശോധനക്ക് വിധേയമാക്കുന്ന പദ്ധതി നടപ്പാക്കി. ചിലർ അത്തരം പരിശോധനക്കുപോലും തയ്യാറാകുന്നില്ല. ഭക്ഷണം, വ്യായാമം, ചുറ്റുപാട് തുടങ്ങിയവക്കെല്ലാം വലിയ പ്രാധാന്യമുണ്ട്. ഭക്ഷ്യയോഗ്യമായ പച്ചക്കറി ലഭിക്കുന്ന സാഹചര്യം ഇന്ന് നമുക്കുണ്ട്. ചികിത്സാകാലങ്ങളിലേക്ക് പോകാനേ ഇടവരരുത് എന്ന തരത്തിൽ ജീവിതം ക്രമീകരിക്കണം.

നിർധനർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുക എന്നത് വലിയ വീക്ഷണമാണ്. സാമൂഹിക പ്രതിബദ്ധതയുള്ളവർക്കാണ് ഇത്തരം കാര്യങ്ങൾ ഏറ്റെടുക്കാനാവുകയെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രി വി അബ്ദുറഹ്മാൻ അധ്യക്ഷനായി. കെ കെ ആബിദ് ഹുസൈൻ തങ്ങൾ എംഎൽഎ മുഖ്യാതിഥിയായി. മലബാർ ദേവസ്വം ബോർഡ് കമീഷണർ പി നന്ദകുമാർ, മാറാക്കര പഞ്ചായത്ത് പ്രസിഡന്റ് സജിത നന്നേങ്ങാടൻ, ഡോ. പീയൂഷ് നമ്പൂതിരിപ്പാട് എന്നിവർ സംസാരിച്ചു.ഡയാലിസിസ് സെന്റർ പദ്ധതിക്ക് തുടക്കമിട്ട മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമീഷണർ എ എസ് അജയകുമാറിന് മുഖ്യമന്ത്രി ഉപഹാരം നൽകി. കാടാമ്പുഴ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ടി ബിനേഷ്കുമാർ പദ്ധതി വിശദീകരിച്ചു. മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് എം ആർ മുരളി , എൻ വി മുരളീധരൻ എന്നിവർ സംസാരിച്ചു.

# പോക്സോ കേസിൽനിന്ന് രക്ഷപ്പെടാൻ ഭിന്നശേഷി മറയാക്കരുതെന്ന് കോടതി

**തിരുവനന്തപുരം**

ഭിന്നശേഷിക്കാരനാണെന്നത് പോക്സോ കേസിൽനിന്ന് രക്ഷപ്പെടാനുള്ള മറയാക്കാനാകില്ലെന്ന് കോടതി. ബസ്യാത്രക്കാരനായ കുട്ടിയോട് അപമര്യാദയായി പെരുമാറിയ കേസിലാണ് നിരീക്ഷണം. പ്രതി കൊടുവഴന്നൂർ കടമുക്ക് പ്രമോദിനെ തിരുവനന്തപുരം പോക്സോ കോടതി മൂന്ന് വർഷം കഠിനതടവും 50000 രൂപയും വിധിച്ചു.

2021ലാണ് സംഭവം. പാലോട്–പാരിപ്പള്ളി റൂട്ടിലെ സ്വകാര്യ ബസിൽ വച്ചാണ് പ്രതി സ്കൂൾ വിട്ട് മടങ്ങുകയായിരുന്ന പതിമൂന്നുകാരനെ ഉപദ്രവിച്ചത്. കുട്ടി കണ്ടക്ടറെ വിവരമറിയിക്കുകയും പൊലീസിൽ പരാതിപ്പെടുകയും ചെയ്തു. കാൽ മുറിച്ച് മാറ്റിയ ആളാണെന്നും അറിയാതെ സംഭവിച്ചതാണെന്നുമായിരുന്നു പ്രതിയുടെ വാദം. മനഃപൂർവം കുറ്റം ചെയ്യുന്നവർക്ക് ഭിന്നശേഷി മറയാക്കി രക്ഷപ്പെടാനാകില്ലെന്ന് ജഡ്ജി എം പി ഷിബു വ്യക്തമാക്കി.

പാലോട് എസ്ഐയായിരുന്ന എ നിസാറുദീനാണ് കേസന്വേഷിച്ചത്. പ്രോസിക്യൂഷന് വേണ്ടി കാട്ടായിക്കോണം അജിത്കുമാർ, വി സി ബിന്ദു എന്നിവർ ഹാജരായി.

# എകെഎസ് ജാഥ കോട്ടയത്തെ പര്യടനം പൂർത്തിയാക്കി

**കോട്ടയം**

ആദിവാസികളോടുള്ള കേന്ദ്രസർക്കാർ അവഗണന അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ആദിവാസി ക്ഷേമസമിതി(എകെഎസ്) സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന വാഹനപ്രചാരണ ജാഥ കോട്ടയം ജില്ലയിലെ പര്യടനം പൂർത്തിയാക്കി ആലപ്പുഴയിൽ പ്രവേശിച്ചു. ദളിത് ആദിവാസി പീഡനം അവസാനിപ്പിക്കുക, ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമിനൽകുക, വനാവകാശരേഖ ലഭിച്ച ഭൂമിക്കും ആദിവാസികളുടെ കൈവശഭൂമിക്കും പട്ടയം അനുവദിക്കുക, കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലിനൽകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് ജാഥാപര്യടനം.

എകെഎസ് സംസ്ഥാന ജാഥയ്ക്ക് മേലുകാവിൽ നൽകിയ സ്വീകരണത്തിൽ ജാഥാ ക്യാപ്റ്റൻ ബി വിദ്യാധരൻ കാണി സംസാരിക്കുന്നു

ക്ഷേമസമിതി സംസ്ഥാന ജനറൽ സെക്രട്ടറി ബി വിദ്യാധരൻ കാണി ക്യാപ്റ്റനായ ജാഥയ്ക്ക് ചൊവ്വാഴ്ച മേലുകാവിലും വൈക്കത്തും സ്വീകരണം നൽകി. തിങ്കളാഴ്ച വൈകിട്ട് മുണ്ടക്കയത്തായിരുന്നു ജില്ലയിലെ ആദ്യ സ്വീകരണം. മേലുകാവിലെ സ്വീകരണയോഗം ഒക്ലാവ് കൃഷ്ണൻ ഉദ്ഘാടനംചെയ്തു. എകെഎസ് ഏരിയ പ്രസിഡന്റ് ഐസക് ഐസക് അധ്യക്ഷനായി. സി എം ജയിംസ്, ബി വിദ്യാധരൻ കാണി, സണ്ണി ജോൺ എന്നിവർ സംസാരിച്ചു.

വൈക്കം കച്ചേരിക്കവലയിൽ നടന്ന സ്വീകരണസമ്മേളനത്തിൽ എകെഎസ് ഏരിയ പ്രസിഡന്റ് തിരുത്തല്ലി ഷാജി അധ്യക്ഷനായി. ജാഥാ ക്യാപ്റ്റൻ ബി വിദ്യാധരൻ കാണി, എകെഎസ് പ്രസിഡന്റ് ഒ ആർ കേളു, ഹരിഹരൻ, കെ അരുണൻ, കെ കെ ഗണേശൻ, കെ കുഞ്ഞപ്പൻ, പി ശശിധരൻ, കെ കെ ശശികുമാർ എന്നിവർ സംസാരിച്ചു.

# 'മുഖം നോക്കി' നീക്കി; 36 ലക്ഷം വ്യാജ മൊബൈൽഫോൺ കണക്ഷൻ

**സ്വന്തം ലേഖകൻ**

**കൊച്ചി**

രാജ്യത്ത് 'മുഖം നോക്കി വിച്ഛേദിച്ച്' 36 ലക്ഷം വ്യാജ മൊബൈൽ കണക്ഷൻ. ഇതിൽ 9606 എണ്ണം കേരളത്തിലാണ്. കേന്ദ്ര ടെലികോം മന്ത്രാലയത്തിന്റേതാണ് നടപടി. നിർമിത ബുദ്ധി അടിസ്ഥാനമാക്കി മുഖം തിരിച്ചറിയുന്ന 'അസ്ത്ര്' സാങ്കേതികവിദ്യയിലൂടെയാണ് തട്ടിപ്പ് കണ്ടെത്തിയത്.

വ്യാജരേഖകൾ ഉപയോഗിച്ചോ മറ്റേതെങ്കിലും വിധത്തിൽ അനധികൃതമായോ ഒരാളുടെ പേരിൽത്തന്നെ നേടിയ കണക്ഷനുകളാണ് വിച്ഛേദിച്ചത്. വ്യാജവും വിശ്വാസ്യതയില്ലാത്തതുമായ കണക്ഷനുകളും സൈബർ കുറ്റകൃത്യങ്ങളും കണ്ടെത്തുകയാണ് സാങ്കേതികവിദ്യയുടെ മുഖ്യലക്ഷ്യം. ഇതുവഴി മൊബൈൽ ഉപയോക്താക്കളുടെ ഫോട്ടോകൾ പരിശോധിക്കുകയും മറ്റുള്ളവയുമായി താരതമ്യപ്പെടുത്തുകയുമാകാം.

ഒരേ ഫോട്ടോതന്നെ ഒന്നിൽ കൂടുതൽ അപേക്ഷകൾക്കൊപ്പം ഒത്തുവരുന്നതോടെ തുടർനടപടികളിലേക്ക് കടക്കും. സിം വിൽപ്പനക്കാരെ കരിമ്പട്ടികയിൽപ്പെടുത്തും. കുറ്റക്കാർക്കെതിരെ പൊലീസ് നടപടിയെടുക്കും. എല്ലാ ടെലികോം സേവനദാതാക്കളുടെയും വരിക്കാരുടെയും വിവരങ്ങൾ അസ്ത്ര് പരിശോധിച്ചും വിശകലനം നടത്തിയുമാണ് തട്ടിപ്പ് കണ്ടെത്തുന്നത്.

ദേശീയതലത്തിൽ 40 ലക്ഷം വ്യാജ കണക്ഷനുകളാണ് കണ്ടെത്തിയത്. ഇതിനകം 36 ലക്ഷം കണക്ഷൻ റദ്ദാക്കി. കേരളത്തിൽ 11,462 സംശയാസ്പദ കണക്ഷനുകൾ കണ്ടെത്തി. തുടർന്ന് ടെലികോം ഓപ്പറേറ്റർമാർ സൂക്ഷ്മ പരിശോധന നടത്തി. 9606 കണക്ഷനുകൾ വിച്ഛേദിക്കുകയായിരുന്നു.

# ഏറ്റുമുട്ടാനുറച്ച് പി കെ രാഗേഷ്; വെട്ടിലായത് കെ സുധാകരൻ

**പ്രത്യേക ലേഖകൻ**

**കണ്ണൂർ**

പുറത്താക്കൽ നടപടി അംഗീകരിക്കാതെ, കോൺഗ്രസ് നേതൃത്വവുമായി ഏറ്റുമുട്ടാനുറച്ച് കണ്ണൂർ കോർപറേഷൻ സ്ഥിരംസമിതി ചെയർമാൻ പി കെ രാഗേഷ്. അച്ചടക്ക നടപടിയെക്കുറിച്ച് മാധ്യമങ്ങളിൽ കണ്ട വിവരമേയുള്ളൂ. പാർടി ഭരണഘടന അറിയുന്നവർ തനിക്കെതിരെ നടപടി എടുക്കില്ലെന്നാണ് കരുതുന്നത്. സ്ഥിരംസമിതി ചെയർമാൻ സ്ഥാനം രാജിവയ്ക്കുന്ന കാര്യം നിയമപരമായി ആലോചിച്ച് തീരുമാനിക്കുമെന്നും രാഗേഷ് 'ദേശാഭിമാനി'യോട് പറഞ്ഞു.

അതേസമയം, പുറത്താക്കിയ വിവരം രേഖാമൂലം അറിയിച്ചിട്ടുണ്ടെന്ന് ഡിസിസി പ്രസിഡന്റ് മാർട്ടിൻ ജോർജ് പറഞ്ഞു. സ്ഥിരംസമിതി ചെയർമാൻ സ്ഥാനത്തുനിന്ന് നീക്കുന്ന കാര്യം തൽക്കാലം ആലോചിച്ചിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ഡിസിസി നേതൃത്വവും പി കെ രാഗേഷ് വിഭാഗവും തമ്മിലുള്ള ഏറ്റുമുട്ടൽ രൂക്ഷമായതോടെ വെട്ടിലായത് കെപിസിസി പ്രസിഡന്റ് കെ സുധാകരനാണ്. സ്വന്തം തട്ടകത്തിൽപോലും പാർടിയിൽ ഐക്യമുണ്ടാക്കാൻ കഴിയാത്ത നേതാവാണെന്നായിരിക്കും എതിർവിഭാഗം ഉന്നയിക്കുന്ന വിമർശം. കോൺഗ്രസിലെ പ്രബല വിഭാഗം എതിരായിരുന്നിട്ടും ലോക്സഭാ തെരഞ്ഞെടുപ്പിൽ കണ്ണൂരിൽ ജയിക്കാനാണ് നേരത്തേ സുധാകരൻ രാഗേഷിന് കീഴടങ്ങിയത്.

ലോക്സഭാ തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പുവരെ രാഗേഷ് എൽഡിഎഫ് പിന്തുണയോടെ ഡെപ്യൂട്ടി മേയറായിരുന്നു. തെരഞ്ഞെടുപ്പ് അടുത്തതോടെ സുധാകരന്റെ പ്രേരണയിൽ മറുകണ്ടം ചാടി. അന്ന് സഹായിച്ചതിന് പ്രത്യുപകാരമായാണ് കഴിഞ്ഞ കോർപറേഷൻ തെരഞ്ഞെടുപ്പിൽ സുരക്ഷിത സീറ്റ് നൽകിയത്. തുടർന്ന് മേയറാക്കാനും സുധാകരൻ കിണഞ്ഞ് ശ്രമിച്ചെങ്കിലും കോൺഗ്രസ് കൗൺസിലർമാരിൽ ഭൂരിഭാഗവും എതിരായതിനാൽ നടന്നില്ല. സുധാകരന്റെ വിശ്വസ്തനായ ഡിസിസി പ്രസിഡന്റ് മാർട്ടിൻ ജോർജുപോലും പിന്തുണച്ചില്ല.

ഇതിനെല്ലാമുള്ള തിരിച്ചടിയാണ് രാഗേഷ് പള്ളിക്കുന്ന് ബാങ്കിലൂടെ നൽകിയത്. യുഡിഎഫ് പാനലിനെ വൻ ഭൂരിപക്ഷത്തിന് തോൽപ്പിച്ചാണ് രാഗേഷിന്റെ സഹോദരൻ രഞ്ജിത്തും കൂട്ടരും ബാങ്ക് ഭരണം നിലനിർത്തിയത്. നിൽക്കക്കള്ളിയില്ലാതായ ഡിസിസി നേതൃത്വം ക്ഷിണം തീർക്കാൻ കാരണം കാണിക്കൽ നോട്ടീസ് പോലും നൽകാതെ പുറത്താക്കുകയായിരുന്നു. മറ്റ് ആറുപേരെയും പുറത്താക്കിയിട്ടുണ്ട്.

കേരള സർക്കാർ
റവന്യൂ വകുപ്പ്

പ്രവാസികളെ ചേർത്തുപിടിച്ച് സംസ്ഥാന സർക്കാർ

റവന്യു – സർവെ സംബന്ധമായ പ്രവാസികളുടെ വിഷയങ്ങൾക്ക്
പ്രവാസി മിത്രം പോർട്ടൽ
പ്രവാസി സെൽ സജ്ജം

ഉദ്ഘാടനം
പിണറായി വിജയൻ
മുഖ്യമന്ത്രി

2023 മെയ് 17 വൈകുന്നേരം 4.30
ആർ ശങ്കരനാരായണൻ തമ്പി ഹാൾ
കേരള നിയമസഭാ മന്ദിരം

അധ്യക്ഷൻ
കെ രാജൻ
റവന്യൂ, ഭവനനിർമാണം വകുപ്പ് മന്ത്രി

മുഖ്യാതിഥികൾ
എ എൻ ഷംസീർ
സ്പീക്കർ, കേരള നിയമസഭ
വി ശിവൻകുട്ടി
പൊതുവിദ്യാഭ്യാസം, തൊഴിൽ വകുപ്പ് മന്ത്രി
ആന്റണി രാജു
ഗതാഗത വകുപ്പു മന്ത്രി
ജി ആർ അനിൽ
ഭക്ഷ്യ – പൊതുവിതരണം, ഉപഭോക്തൃ കാര്യം, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി
പി പ്രസാദ്
കൃഷി വകുപ്പ് മന്ത്രി

ജനപ്രതിനിധികൾ പങ്കെടുക്കും

റവന്യു – സർവെ വകുപ്പ് ഓഫീസുകളിൽ പ്രവാസികൾ സമർപ്പിച്ചിട്ടുള്ള അപേക്ഷ /പരാതികളുടെ തുടർനടപടി അറിയുന്നതിന്
പ്രവാസി മിത്രം പോർട്ടൽ

അപേക്ഷ /പരാതികളുടെ ജില്ലാ – സംസ്ഥാനതല അവലോകനത്തിന്
പ്രവാസി സെൽ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്